(ബി) കേരള പോലീസ് മാനുവലിൽ എ. എസ്. ഐ.-മാരുടെ ജോലി പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്.) 217/73/ആഭ്യ. തീയതി 19-12-1993-ന്റെ അടിസ്ഥാനത്തിൽ പി. എച്ച്. ക്യൂ.-ൽ നിന്നും പുറത്തിറക്കിയ സർക്കുലർ 15/76ൽ എ. എസ്. ഐ.-മാരുടെ ജോലികൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.†

(സി) എ. എസ്. ഐ.-തസ്തികകൾ നിലവിലുള്ള ടെക്നിക്കൽ വിഭാഗത്തിൽ പ്രമോഷൻ നടത്തുന്നുണ്ട്. വനിതാ പോലീസിൽ എ. എസ്. ഐ. തസ്തിക നിലവിലില്ല.

റാന്നി കേന്ദ്രമായി പോലീസ് സബ്ഡിവിഷൻ

19 [5848] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പോലീസ് സബ്ഡിവിഷന്റെ വിസ്തീർണ്ണം എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) റാന്നി താലൂക്കിൽ എത്ര പോലീസ് സ്റ്റേഷനുകളും സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളും നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) റാന്നി കേന്ദ്രമായി ഒരു പോലീസ് സബ്ഡിവിഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 24818 സ്കയർ ഹെക്ടർ വിസ്തീർണ്ണം ഉണ്ട്.

(ബി) റാന്നി താലൂക്കിൽ 7 പോലീസ് സ്റ്റേഷനുകളും 4 സർക്കിൾ ഓഫീസുകളുമുണ്ട്.

(സി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

മഞ്ചേരി അരീക്കോട് പോലീസ് സ്റ്റേഷനുകളിലെ മോഷണക്കേസുകൾ

20 [5850] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി അരീക്കോട് പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞവർഷം എത്ര മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേരെ ഇതുവരെയായി അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) ശേഷിക്കുന്ന കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാത്തത് എന്തു കൊണ്ട്;

(ഡി) ഇതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly